# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 1**

---

## പ്രാക്ടിക്കൽ

ഏഴാം സെമസ്റ്റർ ഐഎംസിഎ (2020 അഡ്മിഷൻ റെഗുലർ, 2017, 2018,2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഏഴാം സെമസ്റ്റർ ഡിഡിഎംസിഎ (2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 13 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/687/2024)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ എംഎസ്സി സൈക്കോളജി പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിദ്യാർഥികൾക്കായി സംവരണം ചെയ്ത രണ്ടു സീറ്റ് ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെ ബിഎസ്സി സൈക്കോളജി ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. അർഹരായവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ഒഗസ്റ്റ് രണ്ടിന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം.

.........................................

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (എംപിഇഎസ്) പ്രോഗ്രാമിൽ 12 സീറ്റുകൾ ഒഴിവുണ്ട്. ക്യാറ്റ് പ്രോസ്പക്ട്സ് പ്രകാരം യോഗ്യത ഉള്ള വിദ്യാർഥികൾ ഓഗസ്റ്റ് അഞ്ചിനു രാവിലെ 7.30 ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തിച്ചേരണം. അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള കായികക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നു തന്നെ നടത്തും.

.........................................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ എംഎഡ് പ്രോഗ്രാമിൽ ഏതാനം സീറ്റ് ഒഴിവുണ്ട് ജനറൽ വിഭാഗത്തിലുള്ളവർ 55 ശതമാനം മാർക്കോടെ ബിഎഡ് പാസായിരിക്കണം. പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിലുള്ളവർ ബിഎഡ് വിജയിച്ചാൽ മതിയാകും. ഓഗസ്റ്റ് അഞ്ചിനു രാവിലെ 10 മുതൽ 12 വരെയാണ് റിപ്പോർട്ടിംഗ് സമയം വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in, www.sps.mgu.ac.in). ഫോൺ-0481 2731042
(പി.ആർ.ഒ/39/688/2024)

## പരീക്ഷാ ഫലം

ഒന്നും, രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ ഹിസ്റ്ററി, (2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 16 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/689/2024)

## ഹ്രസ്വകാല റെഗുലർ പാർട്ട് ടൈം പ്രോഗ്രാം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡിഎഎസ്പി) നടത്തുന്ന ഹ്രസ്വകാല റഗുലർ പാർട്ട് ടൈം, ഫുൾ ടൈം പ്രോഗാമുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം.

സർട്ടിഫിക്കറ്റ് ഇൻ ബിസിനസ് ഡാറ്റാ അനാലിസിസ് ടാലി ഇആർപി ആന്റ് എംഎസ് എക്സൽ (യോഗ്യത- പ്ലസ് ടു) പിജി സർട്ടിഫിക്കറ്റ് ഇൻ ഫുഡ് അനലിസിസ് ആന്റ് ക്വാളിറ്റി കൺട്രോൾ (യോഗ്യത -ബിരുദം) പിജി സർട്ടിഫിക്കറ്റ് ഇൻസ്ട്രുമെന്റൽ മേത്തേഡസ് ഓഫ് കെമിക്കൽ അനലിസിസ് (യോഗ്യത- ബിരുദം) പി.ജി ഡിപ്ലോമ ഇൻ ഫുഡ് അനലിസിസ് ആന്റ് ക്വാളിറ്റി കൺട്രോൾ (യോഗ്യത ബിരുദം) എന്നിവയാണ് ഹ്രസ്വകാല പാർട്ട് ടൈം പ്രോഗ്രാമുകൾ.

ഫുൾടൈം പ്രോഗ്രാമുകൾ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ് (യോഗ്യത പ്ലസ് ടു) പി.ജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ്സ് അനലിസിസ് (യോഗ്യത ബിരുദം) എന്നിവയാണ്.

വിശദവിവരങ്ങൾ വെബ് സൈറ്റിൽ(www.dasp.mgu.ac.in). ഫോൺ-8078786798,0481-2733292

## പരീക്ഷക്ക് അപേക്ഷിക്കാം

ഒന്നും രണ്ടും സെമസ്റ്റർ ബിആർക്ക് (2023 അഡ്മിഷൻ റെഗുലർ,2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 19 മുതൽ നടക്കും.
ഓഗസ്റ്റ് എട്ടു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് ഒൻപതിന് ഫൈനോടു കൂടിയും 12ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/690/2024)

## ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിലെ (ഐയുസിഡിഎസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (ഡി.ജി.എ) കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഓഗസ്റ്റ് അഞ്ചിന് ആരംഭിക്കും. ഫോൺ-9946299968,8891391580 ഇമെയിൽ- iudsmgu@mgu.ac.in

(പി.ആർ.ഒ/39/691/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**